പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1783 11.02.2013-ൽ മറുപടിക്ക്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ മാറ്റങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) 2012 ജൂൺ 15 ന് പുറത്തിറക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ, മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം പ്രധാനപ്പെട്ട മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; | (ബി) ബഡ്സ് സ്പെഷ്യൽ സ്കൂളുകൾക്ക് മുൻഗണന നൽകണം, വികസന ഫണ്ടിന്റെ മേഖലാവിഭജനം എസ്.സി.പി., ടി.എസ്.പി, ലോകബാങ്ക് സഹായം, പ്രത്യേക ഗ്രാന്റ് എന്നിവ കൂടാതെയുള്ള ഫണ്ടിന്റേതാണ്, എസ്.സി.പി, ടി.എസ്.പി. പ്രോജക്ടുകൾ എസ്.സി, എസ്.ടി സർവ്വെ ഡാറ്റായുടെ അടിസ്ഥാനത്തിലായിരിക്കണം, സംസ്ഥാന ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയുടെ ചുമതലകൾ, പദ്ധതി മോണിറ്ററിംഗിന് ചെലവഴിക്കാവുന്ന പരമാവധി തുക തുടങ്ങിയ വിഷയങ്ങളിലാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. |
| (സി) മാറ്റങ്ങൾ വരുത്താനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകളിൽ നിന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുണ്ടായ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. |
| (ഡി) മാർഗ്ഗനിർദ്ദേശത്തിലെ മാറ്റം പദ്ധതി രൂപീകരണത്തെ ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ഇല്ല |

സെക്ഷൻ ഓഫീസർ